പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 964 20.3.2013 ലെ മറുപടിക്ക്

'സ്വയംപര്യാപ്ത കോളനി' പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)'സ്വയംപര്യാപ്ത കോളനി' പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ എന്തൊക്കെ പദ്ധതികളാണു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | (എ) | അൻപതോ അൻപതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ് പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ. |
| (ബി)പ്രസ്തുതപദ്ധതിയിൽ ഉൾപ്പെടുത്താൻ കോളനികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഇതുവരെ പ്രസ്തുതപദ്ധതിയിൽ എത്ര കോളനികളെ ഏറ്റെടുത്തുവെന്നു വ്യക്തമാക്കുമോ; | (ബി) | അൻപതോ അവയിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറഞ്ഞതുമായ പട്ടികജാതി കോളനികളെയാണ് 'സ്വയം പര്യാപ്ത കോളനി' പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 120 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി)ആലപ്പുഴ ജില്ലയിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ, എത്ര കോളനികളെയാണു തിരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത കോളനികളുടെ വിശദാംശം | (സി) | (see table below) |

| ക്രമ നം. | നിയോജക മണ്ഡലം | പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ | കോളനി |
|---|---|---|---|
| 1 | അരൂർ | എഴുപുന്ന | നരിയാണ്ടി |
| 2 | ആലപ്പുഴ | മണ്ണഞ്ചേരി | അംബേദ്കർ |
| 3 | അമ്പലപ്പുഴ | പുറക്കാട് | മണ്ണുംപുറം |

| | | | | | |
|---|---|---|---|---|---|
| നൽകുമോ? | | 4 | കുട്ടനാട് | തകഴി | അംബേദ്ക്കർ |
| | | 5 | ഹരിപ്പാട് | ഹരിപ്പാട് | പിലാപ്പുഴ തെക്ക് |
| | | 6 | മാവേലിക്കര | നൂറനാട് | ക്ലാത്തറ |
| | | 7 | ചെങ്ങന്നൂർ | ചെങ്ങന്നൂർ (എം) | പാണ്ഡവൻപാറ |
| | | 8 | ആലപ്പുഴ | പാണാവള്ളി | കാരാളപ്പതി കോളനി |

സെക്ഷൻ ഓഫീസർ.